
Monthly Price Rs. 4/- 2008

# ബൈബിൾ ദൂതൻ



# Bible Truth

# ഒരു മനുഷ്യനു ക്രിസ്തുവിന്റെ സഭക്കു പുറത്തു രക്ഷയുണ്ടോ?

## സഭ എന്നാൽ വിളിക്കപ്പെട്ടവർ (കൊലൊസ്യർ 1:13; പ്രവൃത്തികൾ 2:47)

## രക്ഷ എന്നാൽ "പാപമോചനം"

| | | | | | |
|---|---|---|---|---|---|
| ക്രിസ്തു<br>ഗലാ. 3:26-27<br>ദൈവം<br>അനുഗ്രഹി<br>ക്കുന്നു<br>എഫെ. 1:3 | ശരീരം<br>എഫെ 1:21-23<br>എഫെ. 1:13<br>1 കൊരി. 12:13<br>എഫെ. 5:23 | മുന്തിരിവള്ളി<br>യോഹ. 15<br>എഫെ. 2:10 | ഭവനം<br>1 തിമോ 3:15<br>അവകാശി<br>റോമ 8:17<br>ഗലാ 3:29 | പുതിയ<br>സൃഷ്ടി<br>2 കൊരി 5:17<br>പുതിയജനനം<br>യോഹ. 3:5<br>1 പത്രൊസ് 1:21 | നിരപ്പ്<br>ദൈവത്തോട്<br>എഫെ 2:13-16<br>പ്രവൃത്തി 2:47<br>ഏക ശരീരം<br>കൊലൊ. 1:18<br>രക്ഷയുണ്ട് |
| ↑ | ↑ | ↑ | ↑ | ↑ | ↑ |
| ലോകം<br>പാപങ്ങൾ<br>റോമ 6:23<br>വാഗ്ദാനങ്ങൾ<br>ഇല്ല<br>2 കൊരി. 1:20<br>രക്ഷയില്ല | തല ഇല്ല<br>ആത്മാവ് ഇല്ല<br>രക്തം ഇല്ല<br>മരിച്ചവർ...!<br>രക്ഷയില്ല | എല്ലാ തൈകളും<br>ആഹാരം<br>ഇല്ലാത്ത<br>ഭാവി<br>ഫലമില്ലാത്ത<br>എഫെ. 2:12<br>രക്ഷയില്ല | പാപത്തിന്റെ<br>ദാസന്മാർ<br>റോമ 6:16<br>രക്ഷയില്ല | ശത്രുക്കൾ<br>ദുഷ്<br>പ്രവർത്തി<br>ക്കാർ<br>കൊലൊസ്യർ 1:21<br>രക്ഷയില്ല | രക്തമില്ല<br>സ്നേഹമില്ല<br>വിശ്വാസമില്ല<br>ആഹാരം ഇല്ല<br>തലയില്ല<br>ക്രിസ്തു ഇല്ല<br>രക്ഷയില്ല |

# THE BIBLE TRUTH

Editors

P.K. VARGHESE | J.C. CHOATE

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 23 May 2008 No.2


# എഡിറ്റോറിയൽ

മതപരമായ കാര്യങ്ങളിൽ അടിസ്ഥാനം തെറ്റിയ മനുഷ്യരുടെ സംസ്ക്കാരത്തെയും വിദ്യാഭ്യാസത്തെയും, ജീവിത നിലവാരത്തെയും അതു സാരമായി ബാധിക്കും. ക്രമാതീതമായ വിഭവങ്ങൾ അതെന്തുതന്നെയായാലും മനുഷ്യന്റെ സ്വഭാവത്തെയും പെരുമാറ്റത്തെയും പ്രതികൂലമായി ബാധിക്കും, അതാണ് ഇന്നത്തെ സമൂഹം നേരിടുന്ന വെല്ലുവിളികളിൽ ഒന്ന്. പണ്ടൊക്കെ സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന ഏതാനും പേർ സമൂഹത്തിനു വേണ്ടി ത്യാഗോജ്ജ്വലമായി ജീവിച്ചിരുന്നു. പക്ഷെ ഇന്നത്തെ സ്ഥിതി നേരെ മറിച്ചാണ്. സത്യസന്ധമായ പ്രവർത്തനങ്ങൾ നമുക്ക് അന്യമായിക്കൊണ്ടിരിക്കയാണ്. ആളുകൾ അന്യോന്യം കുറ്റപ്പെടുത്തിയതുകൊണ്ടു പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ല. മനുഷ്യ ജീവിതത്തിന്റെ ഉദ്ദേശം എന്തെന്നു മനസ്സിലാക്കാത്തവരാണ് അധികവും. ഭൗതികമായ കാഴ്ചപ്പാടു മുൻനിർത്തി ഈ ലോക ജീവിതത്തെ നയിക്കുന്നതു പലർക്കും വിനയാകുന്നു എന്നവർ തിരിച്ചറിയുന്നില്ല.

ജനനത്തിനും മരണത്തിനുമിടയ്ക്ക് തങ്ങളാൽ കഴിയുന്നതൊക്കെ ആളുകൾ ചെയ്യുന്നു. ഭൗതിക നിലനില്പിനു ആവശ്യമായ പ്രവൃത്തികളാണ് അധികം പേരും ചെയ്യുന്നത്. ഓരോരുത്തരും ജീവിക്കുന്ന ഭവനത്തിലെ അല്ലെങ്കിൽ വളരുന്ന ഭവനങ്ങളിലെ സാഹചര്യം അനുസരിച്ചാണ് അവർ പലതും പരിശീലിക്കുന്നത്.

ലഭിച്ചിരിക്കുന്ന അറിവു ആണ് അവരെക്കൊണ്ടു പലതും ചെയ്യിക്കുന്നത്. പക്ഷെ അവർ വളർന്നുവരുമ്പോൾ തിരിച്ചറിവു ലഭിക്കുന്നതോടെ അവർ ചെയ്യുന്ന പല പ്രവൃത്തികളും അർത്ഥ ശൂന്യമെന്നു കണ്ടു തിരുത്തുന്നു. ചിലർ തിരുത്താതെയുമിരിക്കു ന്നുണ്ട്. എന്നാൽ വാസ്തവത്തിൽ മാറുന്നവർ ലക്ഷ്യം കണ്ടെത്തുകയും ചെയ്യും. മാറുവാൻ കഴിയാത്തവർക്കു ലക്ഷ്യത്തി ലെത്തുവാനും സാധ്യമല്ല. പഴയതിൽ നിന്നു പുതിയതിലേക്കു തിരിയ ലാണ് ആവശ്യം. പല വസ്തുക്കളും പുതിയതു നമ്മെ സന്തോഷി പ്പിക്കാറുണ്ട്. എന്നാൽ വ്യക്തികളിൽ തന്നെയുള്ള ഒരു മാറ്റം ആണ് ആവശ്യം. അതു ദൈവം ആഗ്രഹിക്കുന്നതുപോലെ ആകണം. ശരീരത്തിന്റെ ഉള്ളിൽ സ്ഥിതി ചെയ്യുന്ന ആത്മാവിനെ കുറിച്ചു അധികമാർക്കും അറിയില്ല. അതുകൊണ്ട് ആളുകൾ ശരീരത്തിന്റെ ഇച്ഛകൾ നിവർത്തിക്കുന്നതാണ് ജീവിതം എന്നാണ് ധരിച്ചിരി ക്കുന്നത്. എന്നാൽ അതല്ല വാസ്തവത്തിൽ ജീവിതം. ദേഹം, ദേഹി, ആത്മാവു എന്നിങ്ങനെ മൂന്നു ഭാഗങ്ങളാണ് മനുഷ്യരിലുള്ളത്.

മനുഷ്യൻ ആരാണെന്ന യഥാർത്ഥ അറിവു നമുക്കുണ്ടാകണം. അതു ദൈവത്തിൽ നിന്നാണ് ലഭിക്കേണ്ടത്. ദൈവം ആ പരിജ്ഞാനം വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. ഓരോരുത്തരും അതു വായിച്ചു ഗ്രഹിക്കണം. പാരമ്പര്യമായി ലഭിച്ചിരിക്കുന്നതും മനുഷ്യനിൽ നിന്നു ലഭിച്ചിരിക്കുന്നതും അപൂർണ്ണമായ അറിവാണ്. അതല്ല നമുക്ക് ആവശ്യം പൂർണ്ണമായ അറിവാണ്. ദൈവം സർവ്വജ്ഞാനി ആകയാൽ ആ ജ്ഞാനം നമ്മെ തികവുള്ളവരാക്കും. ദൈവവിശ്വാസം മനുഷ്യരിൽ യഥാർത്ഥ മായുണ്ടാകണം. അതാണ് ശരിയായ അടിസ്ഥാനം. ക്രിസ്തുവിലുള്ള വിശ്വാസം നിത്യജീവനിലേക്കു നയിക്കും. പക്ഷെ ഓരോരുത്തരും അതു ഹൃദയപൂർവ്വം നടപ്പിലാക്കണം. ദൈവ ഹിതപ്രകാരം – നാം നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാനാണ് ദൈവം ആഗ്രഹി ക്കുന്നത്. നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ ദൈവത്തെ അല്ലാതെ മറ്റാരെയും അനുവദിക്കരുത്. ഭൂമിയിലെ നമ്മുടെ വാസം താല്ക്കാലികമാണ്. മരണശേഷം നമുക്കെല്ലാവർക്കും ഒരു ജീവിതം ഉണ്ട്. പക്ഷെ ആ ജീവിതം എങ്ങനെ ആയിരിക്കണം എന്നു തീരുമാനിക്കേണ്ടതു നാം തന്നെ ആയിരിക്കണം. അതു നമ്മുടെ

സ്വാതന്ത്ര്യത്തിൽ പെടുന്ന കാര്യമാണ്. സത്യത്തിനു അതിന്റേതായ ഫലവും അസത്യത്തിനു അതിന്റേതായ ഫലവും ഉണ്ട്.

ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കുവാനാണ് നമ്മെക്കുറിച്ചു ദൈവം ആഗ്രഹിക്കുന്നത്. അതിനായുള്ള സന്ദേശം നമ്മുടെ രക്ഷക്കായി തന്നിരിക്കുന്നത് ബൈബിളിലുണ്ട്. അവ നാം പൂർണ്ണമായും അങ്ങനെ തന്നെ സ്വീകരിക്കണം. അവ മാറ്റം വരുത്താതെ അനുസരിക്കണം. പുതിയ നിയമത്തിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന ഏക രക്ഷയാണ് നമുക്കാവശ്യം. അതാണ് സുവിശേഷം ആയി പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മായം ചേർക്കാതെ യേശുക്രിസ്തുവിന്റെ കല്പനകൾ എല്ലാം നാം അനുസരിക്കണം. ദൈവത്തോടുള്ള വിശ്വസ്തത നാം പാലിക്കേണ്ടത് വചനപ്രകാരം ആയിരിക്കണം. ന്യായവിധി കർത്താവിന്റെ വചനപ്രകാരം ആയിരിക്കയാൽ അതിൽ നിന്നു ഒഴിഞ്ഞുമാറുവാൻ ആർക്കും കഴിയുകയില്ല. സുവിശേഷം അനുസരിക്കാത്തവർക്കു രക്ഷ കിട്ടുകയില്ല എന്നു മാത്രമല്ല, ദൈവകോപത്തിനിരയാവുകയും ചെയ്യും.

നിങ്ങൾ എവിടെ നിൽക്കുന്നു എന്ന് സ്വയം വിലയിരുത്തി തീരുമാനം എടുക്കണം. കാരണം ഓരോരുത്തൻ തീരുമാനമെടുക്കുന്നതനുസരിച്ചാണ് പ്രവർത്തിക്കുന്നത്. അതിനുള്ള സ്വാതന്ത്ര്യം ദൈവം നമുക്ക് നല്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് നന്നായാൽ ഫലവും നന്നാവും. അല്ലെങ്കിൽ ഫലം മോശമായിരിക്കും. നാം എല്ലാവരും ശരീരത്തിലിരിക്കുമ്പോൾ ചെയ്യുന്ന പ്രവർത്തികൾക്ക് തക്കതായ പ്രതിഫലം ലഭിക്കേണ്ടതിന് ക്രിസ്തുവിന്റെ ന്യായാസനത്തിനു മുൻപാകെ നിൽക്കേണ്ടിവരും. അതിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ ആർക്കും സാധ്യമല്ല. അറിഞ്ഞില്ല കേട്ടില്ല എന്ന് പറയുവാനിട നൽകാതെ എല്ലാവരുടേയും കാതുകളിൽ ദൈവം സത്യസന്ദേശം എത്തിക്കും. നിങ്ങളുടെ അടുത്തും ഇപ്പോൾ അതെത്തിയിരിക്കുന്നു.

✱

# എന്തുകൊണ്ടു സ്നാനം ഒന്നു മാത്രം?

## J.C. ചോട്ട്

പുതിയ നിയമ കാലയളവിൽ സ്നാനം ഒന്നുമാത്രം എന്നു തിരുവചനത്തിൽ സ്പഷ്ടമാക്കിയിട്ടും ആളുകൾ പല വിധത്തിൽ സ്നാനം പരിശീലിപ്പിക്കുകയാണ്. അജ്ഞതയാണോ കാരണം അതോ അറിഞ്ഞിട്ടും മനപ്പൂർവ്വമായി അങ്ങനെ പരിശീലിപ്പിക്കുന്നതാണോ എന്നറിയില്ല. സ്നാനത്തെ ആളുകൾ തെറ്റായി ധരിക്കുവാനിടയായതു അത്തരം വിപരീതമായ ഉപദേശങ്ങൾ ഉള്ളതുകൊണ്ടാണ്. ചിലർ ശിശുക്കളെ തളിച്ചോ, കോരി ഒഴിച്ചോ, മുക്കിയോ സ്നാനം കൊടുക്കുന്നു. വേറെ ചിലർ പ്രായപൂർത്തിയായവരെ അങ്ങനെയെല്ലാം സ്നാനപ്പെടുത്തുന്നുണ്ട്. പുതിയ നിയമത്തിൽ സ്നാനത്തിന്റെ ഉദ്ദേശത്തെ വ്യക്തമാക്കിയിട്ടുള്ളതിനെ ആളുകൾ കണ്ടില്ലെന്നു നടിക്കുകയാണ്. സ്നാനം രക്ഷയുടെ അടയാളം ആയി കരുതുന്നവർ ഉണ്ട്. വേറെ ചിലർ പാപമോചനത്തിനു, ക്രിസ്തുവിനെ ധരിക്കുവാൻ സ്നാനപ്പെടുന്നുണ്ട്. പക്ഷെ നാം ദൈവം വെളിപ്പെടുത്തിയിരിക്കുന്ന യഥാർത്ഥമായ ഉദ്ദേശത്തെയാണ് കാണേണ്ടത്.

ബൈബിളിൽ സ്നാനം ഒന്നു എന്നുതന്നെയാണ് പറഞ്ഞിരിക്കുന്നത്. അപ്പൊസ്തലനായിരുന്ന പൗലൊസ് പറഞ്ഞു, "ശരീരം ഒന്ന്, ആത്മാവു ഒരുവൻ, നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായിട്ടുമാണ് വിളിച്ചിരിക്കുന്നത്; കർത്താവു ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫെസ്യർ 4:4-6). ദൈവശ്വാസിയനായ മനുഷ്യനാണ്, ദൈവം ഒന്ന്, കർത്താവു ഒരുവൻ, പരിശുദ്ധാത്മാവു ഒന്ന്, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, ശരീരം ഒന്ന്, പ്രത്യാശ ഒന്ന് എന്നെല്ലാം പറഞ്ഞിരിക്കുന്നത്. അവ എല്ലാറ്റിനോടൊപ്പം സ്നാനവും ഒന്ന് എന്നു പറഞ്ഞിരിക്കുന്നു..

ആ ഏക സ്നാനം ഏതാണ്? ആളുകൾ വിവിധ സ്നാനങ്ങളെ കുറിച്ചു പറയുന്നുണ്ട്. അതേ സമയം തിരുവെഴുത്തിലും പല സ്നാനങ്ങളെ കുറിച്ചു പറയുന്നതുകൊണ്ടു നാം ഓരോന്നും

മനസ്സിലാക്കേണ്ടതുണ്ട്. യോഹന്നാന്റെ സ്നാനം ഏറ്റ ആളുകളെ കുറിച്ചു നാം ലൂക്കൊസ് 7:29 ൽ വായിക്കുന്നുണ്ട്. യേശുവിനെ പരീക്ഷിക്കുവാൻ വന്ന ഒരു കൂട്ടം ആളുകളോടു ക്രിസ്തു ചോദിച്ചു. "യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നോ, അതോ മനുഷ്യരിൽ നിന്നോ? പറയുക (മർക്കൊസ് 11:30). ക്രിസ്തു യോഹന്നാനാൽ സ്നാനം ഏറ്റു (മത്തായി 3:13-17). സകല നീതിയും നിറവേറേണ്ടതി നായിരുന്നു യേശു സ്നാനം ഏറ്റതെങ്കിലും ജനങ്ങൾ ദൈവരാജ്യ മാകുന്ന സഭയിലേക്കു പ്രവേശിക്കുന്നതിന്റെ ഒരുക്കമായിട്ടാണ് സ്നാനം ഏറ്റത്. അതുകൊണ്ടു അതിനെ മാനസാന്തരസ്നാനം എന്നു വിളിച്ചിരുന്നു (ലൂക്കൊസ് 3:3). യോഹന്നാന്റെ സ്നാനം ഏറ്റ ഒരു കൂട്ടം ആളുകളെ പൗലൊസ് കണ്ടുമുട്ടിയപ്പോൾ അവർക്കു പരിശുദ്ധാത്മാവു ലഭിച്ചോ എന്നു ചോദിക്കയുണ്ടായി. പരിശുദ്ധാ ത്മാവു ഉണ്ടെന്നു പോലും അവർ കേട്ടിരുന്നില്ല. തുടർന്നു യോഹന്നാൻ സ്നാപകന്റെ സ്നാനത്തിന്റെ ഉദ്ദേശവും ക്രിസ്തു വിന്റെ സ്നാനത്തിന്റെ ഉദ്ദേശവും അവരെ ബോധ്യമാക്കി അപ്പോൾ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു (പ്രവൃത്തികൾ 19:1-8). യോഹന്നാന്റെ സ്നാനം താല്ക്കാലികമായ ഉദ്ദേശത്തിനായിരുന്നതുകൊണ്ട് അതു നിന്നുപോയി.

ക്രിസ്തു നടത്തുവാൻ പോകുന്ന രണ്ടു സ്നാനത്തെ കുറിച്ചു യോഹന്നാൻ സ്നാപകൻ പറയുകയുണ്ടായി (മത്തായി 3:11, 12). അവിടെ നാം വായിക്കുന്നു, "ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളു. എന്റെ പിന്നാലെ വരുന്നവനോ എന്നേക്കാൾ ബലവാൻ ആകുന്നു; അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവൻ അല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും. വീശുമുറം അവന്റെ കയ്യിൽ ഉണ്ട്. അവൻ കളത്തെ മുറ്റം വെടിപ്പാക്കി കോതമ്പു കളപ്പുരയിൽ കൂട്ടി വെക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടു കളകയും ചെയ്യും." യോഹന്നാൻ സ്നാപകന്റെ സമയത്തെ ആളുകൾക്കു കൊയ്ത്തുകാരെ പരിചയമുണ്ടായിരുന്നു. കോതമ്പും പതിരും വീശി അകറ്റുന്നതു എങ്ങനെ എന്ന് അവർക്കു അറിയാമാ യിരുന്നു. അങ്ങനെ വൃത്തിയാക്കി എടുക്കുന്ന കോതമ്പാണ് ആഹാരത്തിനായി ഉപയോഗിക്കുന്നത്. പതിര് തീയിലിട്ടു ചുട്ടു

കളകയും ചെയ്യും. അതിനുശേഷം യേശു രണ്ടു വിധത്തിലുള്ള സ്നാനം ഏല്പിക്കും. യേശു പരിശുദ്ധാത്മാവു എന്ന കാര്യസ്ഥനെ അപ്പൊസ്തലന്മാർക്കു വാഗ്ദാനം ചെയ്യുകയുണ്ടായി (യോഹന്നാൻ 15:26; 16:7, 13). വീണ്ടും അവൻ പരിശുദ്ധാത്മാവിനെ അവരിൽ പകരുമെന്നു വാഗ്ദാനം ചെയ്തു (പ്രവൃത്തികൾ 1:3). ലൂക്കൊസ് 24:49 ഉം പ്രവൃത്തികളുടെ പുസ്തകം 2-ാം അദ്ധ്യായവും വായിക്കുക.

പരിശുദ്ധാത്മാവു അപ്പൊസ്തലന്മാരിൽ പകരുന്നതോടെ യേശു അവരെ പഠിപ്പിച്ചതെല്ലാം അവരെ ഓർപ്പിക്കുകയും അവരെ സകല സത്യത്തിലും വഴി നടത്തുകയും ചെയ്തു. അവർ അന്യഭാഷയിൽ സംസാരിക്കുകയും അത്ഭുതങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ ക്രിസ്തു തീയിലും സ്നാനം ഏല്പിക്കും എന്നു പറഞ്ഞിരിക്കുന്ന തെന്താണ്? കോതമ്പു സൂചിപ്പിക്കുന്നതു, രക്ഷിക്കപ്പെട്ട നീതിമാന്മാരാണ്. അവരെ കളപ്പുരയിൽ കൂട്ടിവെക്കും. എന്നാൽ എന്താണ് പതിർ, ദൈവവചനം അനുസരിക്കാത്ത ദുഷ്ടന്മാരാണ്. ക്രിസ്തു വന്നു അവരെ തീയിലിടും. ക്രിസ്തുവിന്റെ ന്യായവിധിക്കു ശേഷമാണ് അവൻ ദുഷ്ടന്മാരെ തീയിലേക്കു തള്ളിയിടുന്നത് (2 പത്രൊസ് 2:4). അല്ലെങ്കിൽ നിത്യ നാശത്തിലേക്കു തള്ളിവിടും (മത്തായി 25:46). നരകത്തെ ഗന്ധകം കത്തുന്ന തീ പൊയ്കയായിട്ടാണ് വിവരിച്ചിരിക്കുന്നത് (2 പത്രൊസ് 3:7; യൂദാ 7; വെളിപ്പാട് 20:10, 14; 21:8). അതായത് ദുഷ്ടന്മാരായ ആളുകൾ, അഥവാ നഷ്ടപ്പെട്ടവർ തീപ്പൊയ്കയിൽ അവരെ സ്നാനം ഏല്പിക്കും. വാസ്തവത്തിൽ ശരിയായ മനസ്സുള്ളവർ ആരും തന്നെ തീകൊണ്ടു സ്നാനം ഏല്ക്കുവാൻ താല്പര്യപ്പെടുകയില്ല.

1 കൊരിന്ത്യർ 10:1-4 വരെ അപ്പൊസ്തലനായ പൗലൊസ് എഴുതി, "സഹോദരന്മാരേ, നമ്മുടെ പിതാക്കന്മാർ എല്ലാവരും സമുദ്രത്തൂടെ കടന്നു എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു - മോശെയോടു ചേർന്നു. എല്ലാവരും ഒരേ ആത്മികാഹാരം തിന്നു എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു അവരെ അനുഗമിച്ച ആത്മിക പാറയിൽ നിന്നല്ലോ അവർ കുടിച്ചതു; ആ പാറ ക്രിസ്തു ആയിരുന്നു." പഴയ നിയമത്തിൽ സ്നാനം എന്ന കല്പന കാണുന്നില്ലെങ്കിലും പൗലൊസ് പരിശുദ്ധാത്മ നിയോഗത്താൽ യിസ്രായേൽ ജനം ചെങ്കടലിൽ കൂടെ കടന്നുപോയപ്പോൾ

അവർക്കു ഇരുവശത്തും മുകളിലും ഉണ്ടായിരുന്നതു വെള്ളം ആയിരുന്നു. അതു സ്നാനത്തിനു തുല്യമായിരുന്നു എന്നു വിവരിച്ചിരിക്കുന്നു. അവർ മേഘത്തിലും സമുദ്രത്തൂടെയും സ്നാനം ഏറ്റു.

സെബദി പുത്രന്മാരുടെ അമ്മ യേശുവിന്റെ അടുക്കൽ - വന്നു, ദൈവരാജ്യത്തിൽ തന്റെ മക്കളെ ഒരാളെ യേശുവിന്റെ ഇടത്തും മറ്റൊരാളെ വലത്തും ഇരുത്തേണം എന്നാവശ്യപ്പെടുകയുണ്ടായി. എന്നാൽ യേശു അതിനു മറുപടി പറഞ്ഞു, "നിങ്ങൾ യാചിക്കുന്നതു ഇന്നതു എന്നു നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്കു കഴിയുമോ എന്നു ചോദിച്ചു. കഴിയും എന്നവർ പറഞ്ഞു. അവൻ അവരോടു എന്റെ പാനപാത്രം നിങ്ങൾ കുടിക്കും നിശ്ചയം. എങ്കിലും എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നല്കുന്നതു എന്റേതല്ല. എന്റെ പിതാവു ആർക്കു ഒരുക്കിയിരിക്കുന്നുവോ അവർക്കു കിട്ടും എന്നു പറഞ്ഞു" (മത്തായി 20:22, 23). പിന്നെ യേശു പറഞ്ഞു, "എങ്കിലും എനിക്കു ഒരു സ്നാനം ഏല്പാൻ ഉണ്ട്" (ലൂക്കൊസ് 12:50). അവൻ ഇവിടെ പറഞ്ഞ സ്നാനം താൻ ക്രൂശിൽ സഹിപ്പാനുള്ള കഷ്ടതയെയാണ് സൂചിപ്പിച്ചിരിക്കുന്നത്. സ്വാഭാവികമായും അവൻ ഇതു ഒരിക്കലായി അനുഭവിച്ചതാണ്.

അവസാനമായി, തിരുവെഴുത്ത് വിശ്വാസികളുടെ സ്നാനത്തെ കുറിച്ചു പറയുന്നു. ആ സ്നാനം വെള്ളത്തിലുള്ള സ്നാനം ആണ് (പ്രവൃത്തികൾ 8:28-30), അതു അടക്കം ആണ് (കൊലൊസ്സ്യർ 2:12; റോമർ 6:3, 4), പാപങ്ങളുടെ മോചനത്തിനാണ് (പ്രവൃത്തികൾ 2:38), പാപങ്ങളെ കഴുകി കളയുന്നതിനായിട്ടാണ് (പ്രവൃത്തികൾ 22:16), രക്ഷക്കു വേണ്ടിയാണ് (1 പത്രൊസ് 3:21), ക്രിസ്തുവിനോടു ചേരുവാനാണ് (ഗലാത്യർ 3:26, 27), ശരീരമെന്ന സഭയോടു ചേർക്കപ്പെടുന്നതിനാണ് (1 കൊരിന്ത്യർ 12:13). ആ സ്നാനം യേശു ക്രിസ്തുവിന്റെ നാമത്തിലാണ് ഏല്ക്കേണ്ടത് (പ്രവൃത്തികൾ 2:38). അതായതു, പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ (മത്തായി 28:19, 20). ക്രിസ്തു പറഞ്ഞു, "നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ

രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15, 16).

എഫെസ്യർ 4:4-6 ലേക്കു തിരിച്ചു പോയാൽ, അവിടെ പൗലൊസ് പറഞ്ഞിരിക്കുന്നതു സ്നാനം ഒന്ന് എന്നാണ്. അവൻ ആ പ്രസ്താവന നടത്തിയതു ഉദ്ദേശം ഏ.ഡി. 64 ൽ ആയിരിക്കാം. അപ്പോൾ തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന സ്നാനങ്ങളിൽ ഏതാണ് പൗലൊസ് പറഞ്ഞ ഏക സ്നാനം? ഇതു മനസ്സിലാക്കുവാൻ ഏതെങ്കിലും സമയത്തു വിശ്വാസികളുടെ ജല സ്നാനം എന്നു പറയാത്ത സന്ദർഭങ്ങളിൽ ഉള്ളതെല്ലാം മറ്റു സ്നാനങ്ങളും, വിശ്വാസികൾ ഏല്ക്കേണ്ട ജല സ്നാനം ആണ് ഏക സ്നാനമെന്നും നാം തിരിച്ചറിയണം. അതുകൊണ്ടു എഫെസ്യർ 4:4-6 വരെയുള്ള വേദഭാഗത്തു പറഞ്ഞിരിക്കുന്ന ഏക സ്നാനം ജല സ്നാനമാണ്.

ഇന്നു പരിശുദ്ധാത്മാവിനാലുള്ള സ്നാനം എല്ലാവർക്കും ഉള്ളതാണ് എന്നു പറഞ്ഞു കേൾക്കുന്നുണ്ട്. എന്നാൽ പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനം അപ്പൊസ്തലന്മാർക്കായിരുന്നു ക്രിസ്തു വാഗ്ദാനം ചെയ്തിരുന്നതു. അതു നടത്തേണ്ടതു ക്രിസ്തുവുമായിരുന്നു. ചില ആളുകൾ രക്ഷിക്കപ്പെട്ട ശേഷം സ്നാനം കൊടുക്കുന്നുണ്ട്. അവർ വിശ്വാസ സ്നാനമാണ് ഏല്ക്കുന്നതു എന്നതിനാൽ ശരിയാണെന്നു അവർ അവകാശപ്പെടുന്നു. പക്ഷെ തിരുവചനം പറയുന്നതു ക്രിസ്തുവിനോടും അവന്റെ സഭയോടും ചേരുവാനാണ് സ്നാനം ഏല്ക്കുന്നത്. അതുകൊണ്ടു ക്രിസ്തുവിനും അവന്റെ സഭയ്ക്കും പുറത്തു രക്ഷയില്ല. നാമധേയ വിഭാഗങ്ങൾ എല്ലാം തന്നെ രക്ഷാ പദ്ധതിതെറ്റായിട്ടാണ് പഠിപ്പിക്കുന്നത്. അതുകൊണ്ടു അവർ പഠിപ്പിക്കുന്ന സ്നാനവും തെറ്റാണ് (ഗലാത്യർ 3:27; 1 കൊരിന്ത്യർ 12:13). ക്രിസ്തു പഠിപ്പിച്ചതായ ഉദ്ദേശങ്ങൾക്കു ജല സ്നാനം ഏറ്റില്ല എങ്കിൽ അതു മുങ്ങലായാലും രക്ഷയില്ല. കാരണം നാം ക്രിസ്തുവിന്റെ അധികാരത്തെ മാനിക്കയും പൂർണ്ണ ഗൗരവത്തോടെ മാറ്റം വരുത്താതെ അനുസരിക്കണം. യേശുക്രിസ്തുവിനെ അനുസരിക്കുന്നവരുടെ രക്ഷിതാവാണ് കർത്താവു. അതിനെ മാറ്റം വരുത്തുന്നവർ അവന്റെ അധികാരത്തെ മാനിക്കാത്തവരാണ്.

✶

# തിരുവെഴുത്തു പരിവർത്തനത്തിലെ ഘടകങ്ങൾ

ഡബ്ലിയു. ഡി. ഹാമ്സ്

പ്രവൃത്തികളുടെ പുസ്തകം പരിവർത്തനങ്ങളുടെ പുസ്തകമായിട്ടാണ് അറിയപ്പെടുന്നത്. അതിൽ ധാരാളം പരിവർത്തനങ്ങൾ നടന്നിട്ടുണ്ട്. പരിവർത്തനം എന്നാൽ ഒരവസ്ഥയിൽ നിന്നു മറ്റൊന്നിലേക്കുള്ള മാറ്റമാണ്. ഇവിടെ നാം മനസ്സിലാക്കുന്നതു പാപിയായ ഒരു മനുഷ്യൻ തന്റെ പാപത്തിൽ നിന്നു വിട്ടു തിരിഞ്ഞു ദൈവത്തിലേക്കു തിരിയുന്നതിനെയാണ് പ്രതിപാദിച്ചിരിക്കുന്നത്. പരിവർത്തനം തികച്ചും ദൈവ പ്രവൃത്തിയായി ചിലർ വിശ്വസിക്കുന്നു. (കാൽവനിസം) വേറൊരു കൂട്ടർ പറയുന്നതു അതു പൂർണ്ണമായും മനുഷ്യന്റെ പ്രവൃത്തി ആണെന്നാണ്. എന്നാൽ വാസ്തവത്തിൽ സത്യം ഇതിനു രണ്ടിനും മദ്ധ്യേ ആണ്. നമ്മൾ ഈ വിഷയത്തെ അപഗ്രഥിക്കുമ്പോൾ അതിൽ അഞ്ചു ഘട്ടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നതായി കാണാവുന്നതാണ്. വചന പ്രകാരമുള്ള പരിവർത്തനത്തിൽ അടങ്ങിയിരിക്കുന്ന ആത്മിയസത്യത്തെയാണ് നാം പരാമർശിക്കുന്നത്.

### പരിവർത്തനത്തിന്റെ ആവശ്യം

"ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു. അവൻ ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിറുത്തി. നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയ് വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു" (മത്തായി 18:1-3). പരിവർത്തനത്തിന്റെ ആവശ്യകത എങ്ങനെ കൂടുതൽ വ്യക്തമാക്കാം? പരിവർത്തനം കൂടാതെ ഒരാളെ ദൈവം തന്റെ മഹത്വകരമായ ഭവനത്തിലേക്കു സ്വീകരിക്കും എന്നു കരുതിയാൽ അതു വഞ്ചനയാകും. മറ്റു വേദഭാഗങ്ങളും ഇതിനോടു യോജിക്കുന്നു (പ്രവൃത്തികൾ 3:19; യാക്കോബ് 5:19, 20). മാനസാന്തരവും ദൈവത്തിങ്കലേക്കുള്ള തിരിച്ചുവരവും അനിവാര്യമാണ്. ഓരോരുത്തരുടേയും സ്വന്ത അകൃത്യ

ങ്ങളാണ് ദൈവത്തിൽ നിന്നും അവരെ അകറ്റിയത് (യെശയ്യാവു 59:1, 2). മനുഷ്യർ സൃഷ്ടികർത്താവിൽ നിന്നും അകന്നു പോയില്ലായിരുന്നു എങ്കിൽ തിരിച്ചു വരുവാൻ പറയേണ്ടിവരുമായിരുന്നില്ല.

### പരിവർത്തന വസ്തു: ആത്മീയ സത്യം

ദൈവ വചനം ആകുന്ന സത്യത്താലാണ് നമുക്കു പരിവർത്തനം ഉണ്ടാകേണ്ടതെന്നു ധാരാളം വേദഭാഗങ്ങൾ വ്യക്തമാക്കുന്നു "സത്യം നിങ്ങൾ അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹന്നാൻ 8:32). ഇതിനെ സംബന്ധിച്ചു കൂടുതൽ സത്യങ്ങൾക്കായി യോഹന്നാൻ 14:6; യാക്കോബ് 1:18; 1 കൊരിന്ത്യർ 4:15; യോഹന്നാൻ 17:17 എന്നീ വാക്യങ്ങൾ വായിക്കുക. ദൈവ വചനത്തിന്റെ ശക്തി വളരെ വലുതാണ്. നമ്മുടെ ദൈനന്ദിന ജീവിതത്തിൽ അവ പ്രായോഗികമാക്കണം.

പരിവർത്തനത്തിൽ പരിശുദ്ധാത്മാവു ഉപയോഗിക്കുന്നതു ദൈവവചനസത്യമാണ് (എഫെസ്യർ 6:17). പാപത്തിൽ ജീവിക്കുന്ന ഒരാളോടു പരിശുദ്ധാത്മാവു കൊടുക്കുന്ന നിർദ്ദേശങ്ങൾ എല്ലാം തിരുവചനത്തിലുള്ള സത്യമാണ്. പരിവർത്തനത്തിൽ പരിശുദ്ധാത്മാവു ഉപയോഗിക്കുന്ന ആയുധം ദൈവവചനം ആണ് (എഫെസ്യർ 6:17). പരിശുദ്ധാത്മാവു സ്വയമായി പ്രവർത്തിക്കുന്നില്ല.

### തിരുവചന പരിവർത്തനങ്ങളിലെ ഘടകങ്ങൾ

പരിശുദ്ധാത്മാവു, ദൈവശ്വാസിയരായ മനുഷ്യർക്കു സത്യം വെളിപ്പെടുത്തികൊടുത്തു (യോഹന്നാൻ 14:26; 16:13; 1 കൊരിന്ത്യർ 2:9–13). ആ ദൈവശ്വാസിയ പുരുഷന്മാർ അതു നമുക്കു തന്നിരിക്കുന്നു. ഒരു പാപിക്കു അതു വായിക്കുവാനും മനസ്സിലാക്കുവാനും കഴിയും. പരിശുദ്ധാത്മാവു വചനത്തിനപ്പുറമായി പ്രവർത്തിക്കുന്നില്ല. എഴുതപ്പെട്ട വചനം ആയിരിക്കണം നമ്മുടെ നിലവാരം.

ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവിന്റെ ശക്തി മുഖാന്തരം, അത്ഭുതവരങ്ങൾ ചെയ്തു വചനത്തെ ഉറപ്പിക്കയുണ്ടായി (എബ്രായർ 2:1–4) മർക്കൊസ് 16:17–20; 2 കൊരിന്ത്യർ 12:12). ദൈവശ്വാസിയരായിരുന്ന ദൈവദാസന്മാർ ആ വചനം അത്ഭുതങ്ങളാലും അടയാളങ്ങളാലും അതു ദൈവത്തിൽ നിന്നുള്ളതാണെന്നു തെളിയിച്ചു കഴിഞ്ഞതാണ്. ഇനി അതു വീണ്ടും തെളിയിക്കേണ്ട

ആവശ്യമില്ല. അതുകൊണ്ടു ഇനി അത്ഭുതങ്ങൾ ആവശ്യമില്ല.

ഉപദേഷ്ടാവിന്റെ കടമ എന്തെന്നാൽ പരിശുദ്ധാത്മ നിയോഗത്താൽ അപ്പൊസ്തലന്മാർക്കു നല്കിയതും അവർ വെളിപ്പെടുത്തി അത്ഭുതങ്ങളാലും വീര്യപ്രവൃത്തിയാലും ഉറപ്പിച്ചുതന്ന വചനം അങ്ങനെ തന്നെ പ്രഖ്യാപിക്കണം (റോമർ 10:14-17). പ്രവൃത്തികളുടെ പുസ്തകത്തിൽ പരിശോധിച്ചാൽ പരിവർത്തന മാതൃകകൾ കാണാം. അവിടെ പ്രഖ്യാപിക്കപ്പെട്ട തെല്ലാം സുവിശേഷം ആയിരുന്നു. വചനം അറിയിച്ചതു മനുഷ്യർ ആയിരുന്നു. മനുഷ്യരുടെ രക്ഷക്ക് ആവശ്യമായ സന്ദേശം ദൈവം വെളിപ്പെടുത്തിയിരിക്കുന്നതു മറ്റുള്ളവരെ അറിയിക്കുവാൻ മനുഷ്യരെയാണ് ദൈവം ഭരമേല്പിച്ചിരിക്കുന്നത്. അതുകൊണ്ടു അമാനുഷ ദർശനങ്ങൾക്കോ വെളിപ്പാടിനോ വേണ്ടി ആരും കാത്തിരിക്കേണ്ട ആവശ്യമില്ല എന്നു സ്പഷ്ടം.

സഭയാണ് ഇതിൽ ഉൾപ്പെടുന്ന മറ്റൊരു ഘടകം. സത്യം അറിയിക്കുന്നതിനു സഭയ്ക്കു ഉത്തരവാദിത്വമുണ്ട്. കാരണം സഭയിലാണ് ദൈവം സത്യത്തിന്റെ പരിജ്ഞാനം വെച്ചിരിക്കുന്നത് (1 തിമൊഥെയൊസ് 3:14, 15; 2 കൊരിന്ത്യർ 4:7; പ്രവൃത്തികൾ 11:22). ഒരിടവകയുടേയും അധികാരത്തെ കവർന്നെടുക്കാതെ ഇടവകകൾക്കു യോജിച്ചു ഇതു ചെയ്യാവുന്നതാണ്. ഒരിടവകയിൽ നിന്നു ഉപദേഷ്ടാവിനെ പരിശീലിപ്പിച്ചു മറ്റൊരു ഇടവകയിലേക്ക് അയക്കാം. മറ്റൊരിടവകയുടെ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും വേറൊരിടവകക്കു സഹായം ചെയ്യാം. ഇങ്ങനെ ഇടവകകൾ ഒത്തൊരുമിച്ചു പല കാര്യങ്ങൾ ചെയ്യാം. സഭയുടെ ധർമ്മശേഖരം സുവിശേഷം വ്യാപിപ്പിക്കുന്നതിനു ഉപയോഗിക്കണം. കൂട്ടായ പ്രവർത്തനങ്ങൾ വളരെ ഫലിക്കും എന്നോർക്കുക.

പാപത്തിൽ ജീവിക്കുന്ന മനുഷ്യർക്കു അതിൽ നിന്നുള്ള മോചനം ആവശ്യമാണ്. പക്ഷെ അതിനു പകരമായി വേറൊന്നില്ല. ദൈവം അരുളിച്ചെയ്തിരിക്കുന്ന സത്യമല്ലാതെ വേറെ മാർഗ്ഗമില്ല. ഒന്നാം നൂറ്റാണ്ടു മുതൽ പുതിയ നിയമകാലം അവസാനിക്കുന്നതു വരെ ഒരേ സത്യമാണ് സകല മനുഷ്യർക്കും ആവശ്യം. “ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയം ആയല്ലൊ. അതു നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും?” (1 പത്രൊസ് 4:7). തന്നെ അനുസരിക്കുന്ന

ഏവരുടേയും രക്ഷിതാവാണ് യേശുക്രിസ്തു. അവന്റെ നാമത്തിൽ മാത്രമാണ് രക്ഷിക്കപ്പെടുവാനുള്ള അവസരം.

മുകളിൽ പറഞ്ഞ എല്ലാ ഘടകങ്ങളും പരിവർത്തനത്തിൽ നടന്നിട്ടില്ലെങ്കിൽ അതു വചനപ്രകാരമുള്ള പരിവർത്തനമല്ല എന്നു സ്പഷ്ടം. നമ്മുടെ പരിവർത്തനം ശരിയാണോ അല്ലയോ എന്നു പരിശോധിക്കുവാൻ ദൈവം തന്നിരിക്കുന്നതാണ് തിരുവെഴുത്ത്. ഓരോരുത്തരും അവനവന്റെ വിശ്വാസത്തെയും അനുസരണത്തെയും പരിശോധിക്കണം.

### മൂന്നുതരം മാറ്റം അടങ്ങിയിരിക്കുന്നു

നാം രക്ഷിക്കപ്പെടുന്ന നടപടി ശരിയാണോ എന്നു പരിശോധിച്ചില്ലെങ്കിൽ നാം പരാജയപ്പെടും. കാരണം ഇന്നു പല രൂപത്തിലും ഭാവത്തിലും ഉള്ള രക്ഷാനടപടികൾ സമൂഹത്തിലുണ്ട്. അതു ആളുകളെ തെറ്റിദ്ധരിപ്പിച്ചിരിക്കയാണ്. പക്ഷെ ആത്മാർത്ഥതയുള്ളവർ കാര്യങ്ങൾ ശരിയായി വിലയിരുത്തും. ശരിയായ പരിവർത്തനത്തിൽ മൂന്നുതരം മാറ്റം കാണപ്പെടും. ഹൃദയം, ജീവിതം, അവസ്ഥ. ഇവയിലാണ് മാറ്റം കാണേണ്ടത്.

പാപത്തെ സ്നേഹിക്കുന്നതിൽ നിന്നും ദൈവത്തെ സ്നേഹിക്കുന്നതിലേക്കു ഹൃദയം മാറുന്നതു വിശ്വാസത്താലാണ്. അതുകൊണ്ടാണ് ഹൃദയം കൊണ്ടു വിശ്വസിക്കണം എന്നു പറഞ്ഞിരിക്കുന്നത് (പ്രവൃത്തികൾ 15:7–9). മാനസാന്തരമാണ് ജീവിതത്തെ മാറ്റുന്നത് (2 കൊരിന്ത്യർ 7:16). പലരും മാനസാന്തരത്തെ തെറ്റിദ്ധരിച്ചിരിക്കയാണ് ചിലർ മദ്യപിച്ചിരുന്നതു നിർത്തിയാൽ മാനസാന്തരപ്പെട്ടു എന്നു പറയാറുണ്ട്. പക്ഷെ അതു മാത്രമല്ല, തന്റെ മനോഭാവം ജീവിതത്തെ മുഴുവൻ മാറ്റുന്നതായിരിക്കണം. അവസാനത്തെ പടിയായ സ്നാനം ഏല്ക്കുമ്പോൾ അതിനുമുൻപു വരുത്തുവാൻ പറഞ്ഞിരിക്കുന്ന അവസ്ഥകൾക്കു മാറ്റം വരുത്തണം. നമ്മുടെ ബന്ധത്തിൽ വരുത്തേണ്ടതായ മാറ്റങ്ങൾ വരുത്തണം (മത്തായി 28:19; പ്രവൃത്തികൾ 2:38). ഇവ എല്ലാം നടക്കുന്നതു മുൻപു പറഞ്ഞതായ ഘടകങ്ങളിൽ കൂടെയാണ്. വചനപ്രകാരമുള്ള പരിവർത്തനങ്ങളിൽ അത്ഭുതമോ, മർമ്മമോ ഇല്ല. അതു യഥാർത്ഥമായിരിക്കും.

★

# പാപത്തിന്റെ വഞ്ചന

## വാൻസ് ഹട്ടൻ

പാപം ചെറുതായാലും വലുതായാലും അതിന്റെ അനന്തരഫലം വളരെ വലുതാണ്. ചെറിയ ഒരു വാക്കാണ് അത്, പക്ഷെ പ്രത്യാഘാതം നാം ഊഹിക്കുന്നതിനുമപ്പുറമാണ്. നിയമലംഘനം ആണ് പാപം. സകല അധർമ്മവും പാപമാണ്. പാപം ചെയ്യാത്തവർ ആരുമില്ല. ഓരോരുത്തരും ഹൃദയത്തെ സാത്താനു ഏല്പിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. നമ്മുടെ ഹൃദയങ്ങളിൽ മോഹം ജനിപ്പിച്ചുകൊണ്ടാണ് അവൻ നമ്മെ നിയമം ലംഘിക്കുവാൻ പ്രലോഭിപ്പിക്കുന്നത്. പിന്നെ ആ മോഹം നിറവേറ്റുവാനായി നാം അരുതാത്തതു ചെയ്യുന്നു. ആദ്യ മനുഷ്യരായ ആദാമിനേയും ഹവ്വയേയും ഏദെൻ തോട്ടത്തിൽ നിന്നു പുറത്താക്കുവാൻ കാരണം പാപം ആയിരുന്നു. നോഹയുടെ കാലത്തു പ്രളയം വരുത്തുവാൻ കാരണം പാപം ആയിരുന്നു. സോദോം, ഗൊമോറ എന്നീ പട്ടണങ്ങളെ ദൈവം അഗ്നിയാൽ നശിപ്പിച്ചതു പാപം നിമിത്തം ആയിരുന്നു. മനുഷ്യചരിത്രം പരിശോധിച്ചാൽ അവരുടെ വീഴ്ച്ചക്കും നാശത്തിനും കാരണം ഇതല്ലാതെ മറ്റൊന്നായിരുന്നില്ല. ഇന്നും മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നവും അതു തന്നെയാണ്. ശലോമോൻ പറഞ്ഞിരിക്കുന്നതു, "നീതി ജാതിയെ ഉയർത്തുന്നു, പാപമോ വംശങ്ങൾക്കു അപമാനം ആകുന്നു" (സദൃശവാക്യങ്ങൾ 14:24).

ശരിയല്ലാത്തതു എന്തും അനീതിയായതു എന്തും പാപമത്രേ (1 യോഹന്നാൻ 3:4). നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവനു അതു പാപം അത്രേ (യാക്കൊബ് 4:17), അതു മനസ്സാക്ഷിയുടെ ആക്ഷേപം ആണ് (റോമർ 14:23). അതായതു വിശ്വാസത്തിൽ നിന്നുത്ഭവിക്കാത്തതു ഒക്കെയും പാപം അത്രേ (റോമർ 14:23). നമ്മുടെ ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ നാം പരാജയപ്പെടുകയാണ്. ഒരാൾക്കു പാപത്തെ അറിയണമെന്നുണ്ടെങ്കിൽ അതിന്റെ വഞ്ചനാസ്വഭാവത്തെ തിരിച്ചറിയണം. പാപത്തിന്റെ വഞ്ചനയെ എബ്രായർ 3:13 എടുത്തു കാണിക്കുന്നുണ്ട്. അതു തെറ്റിദ്ധരിപ്പിക്കുന്നു; തെറ്റിലേക്കു നയിക്കുന്നു, സൂത്രത്തിൽ കുടുക്കുകയാണ്. ഏദെൻ തോട്ടത്തിൽ

സാത്താൻ ഹവ്വയെ ചതിക്കുകയായിരുന്നു. സ്ത്രീ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെടുകയായിരുന്നു (1 തിമൊഥെയൊസ് 2:14). സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചു എന്നാണ് പറഞ്ഞിരിക്കുന്നത് (2 കൊരിന്ത്യർ 11:3). തെറ്റായിരിക്കുമ്പോൾ ശരിയാണെന്നു തോന്നിപ്പിക്കുന്നതാണ് പാപം. വിരൂപമായിരിക്കുമ്പോൾ ആകർഷിപ്പിക്കുന്ന ഒന്നാണ് പാപം. നാശകരമായിരിക്കുമ്പോൾ, കുഴപ്പമില്ലെന്നു തോന്നിപ്പിക്കുന്നതാണ് പാപം. അതു നമ്മെ ദൈവത്തിൽ നിന്നകറ്റുകയും, സ്വർഗ്ഗത്തിൽ പോകാൻ അനുവദിക്കാതെ നശിപ്പിക്കും. പാപത്തിന്റെ ചില വഞ്ചനാസ്വഭാവത്തെ നമുക്കു പരിശോധിക്കാം.

### 1. പാപത്തിന്റെ സാന്നിദ്ധ്യത്താൽ വഞ്ചിക്കുന്നു

തങ്ങൾ ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തതുപോലെ അല്ലെങ്കിൽ അവരുടെ ജീവിതത്തിൽ ഒരിക്കലും പാപത്തിനു യാതൊരു സ്ഥാനവുമില്ലെന്നു അവർ കരുതുന്നു. എന്നാൽ സത്യം നേരെ മറിച്ചാണ് ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവത്തിന്റെ തേജസ് ഇല്ലാത്തവരായി തീർന്നു. നാം എല്ലാവരും ആടുകളെ പോലെ തെറ്റിപോയിരുന്നു. നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു (യെശയ്യാവു 53:6). എല്ലാവരും പാപം ചെയ്തു (1 രാജാക്കന്മാർ 8:46). തിരിച്ചറിവുള്ള ആരും പാപം ചെയ്യാതിരിക്കുന്നില്ല (സഭാപ്രസംഗി 7:20). നാം മറിച്ചു ചിന്തിക്കുന്നതു തന്നെ പാപം ആണ് (1 യോഹന്നാൻ 1:8-10). യെഹൂദന്മാരും യവനന്മാരും ജാതികളും പാപം നിമിത്തം ശിക്ഷാവിധിയിൽ അകപ്പെട്ടു. ആകയാൽ എല്ലാവരിലും ഉള്ളതായ ഈ പ്രശ്നം ഓരോരുത്തരും കൈകാര്യം ചെയ്യണം.

### 2. പാപത്തിന്റെ സുഖഭോഗത്താൽ വഞ്ചിക്കപ്പെടുന്നു

അനേകർ തിരഞ്ഞെടുക്കുന്നതിൽ പരാജയപ്പെടുന്നതിൽ മോശെ വിജയിക്കയുണ്ടായി. അവൻ പാപത്തോടും പാപത്തിന്റെ സുഖഭോഗത്തോടും ഇല്ല എന്നു തീർത്തു പറഞ്ഞു (എബ്രായർ 11:24, 25). അനീതിയിൽ രസിക്കുന്നതിനെകുറിച്ചു പൗലൊസ് പറയുന്നുണ്ട്: "അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും

ന്യായവിധി വരേണ്ടതിന്നു ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കേണ്ടതിനു വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു" (2 തെസലൊനിക്യർ 2:10-12). താല്ക്കാലിക സുഖഭോഗങ്ങൾക്കായി അവിഹിതകാര്യങ്ങളിലേർപ്പെടുന്നവർ അവസാനം അനുഭവിക്കേണ്ടി വരുന്ന ശിക്ഷ വളരെ വലുതാണെന്നു തിരിച്ചറിയുന്നില്ല. മാനസികമായും വൈകാരികമായും അവരെ തകർത്തു കളയുന്നതാണ് പാപം. വിതക്കാരന്റെ ഉപമയിൽ യേശു വ്യക്തമാക്കുന്നതു ലൗകികമായ ചിന്താഭാരത്താലും പാപത്തിന്റെ ചതിയാലും പലർക്കും ഫലം പുറപ്പെടുവിക്കുവാൻ കഴിയാതെ വരുന്നു.

### 3. പാപത്തിന്റെ ശക്തിയാൽ വഞ്ചിക്കപ്പെടുന്നു

മറ്റുള്ളവർ ചെയ്യുന്നു, അതുകൊണ്ടു ഞാനും ചെയ്യുന്നു എന്നു എത്രപേർ പറഞ്ഞു കേട്ടിട്ടുണ്ട്? ബഹുജനങ്ങൾ എന്തു ചെയ്യുന്നു എന്നു നോക്കി അത് അനുകരിക്കുന്ന പ്രവണത കാണപ്പെടുന്നുണ്ട്. എന്നാൽ ദൈവം ബഹുജനത്തെ അനുസരിച്ചു ദോഷം ചെയ്യരുത് എന്നു പറഞ്ഞിട്ടുണ്ട് (പുറപ്പാട് 23:2). നോഹയുടെ കാലത്തു ഭൂരിപക്ഷം ആളുകളും തെറ്റിലായിരുന്നു, അവിശ്വാസം നിമിത്തം അവർക്കു ദൈവത്തെ അനുസരിക്കുവാനോ രക്ഷപ്രാപിക്കുവാനോ കഴിഞ്ഞില്ല. വീതിയും വിശാലവുമേറിയ വഴിയിൽ കൂടെ സഞ്ചരിക്കുവാനാണ് അധികം പേർക്കും താല്പര്യം. യേശു പറഞ്ഞു, അതിന്റെ അവസാനം നാശമത്രേ (മത്തായി 7:13, 14). പാപത്തിന്റെ അത്തരം ശക്തിയിൽ വഞ്ചിക്കപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ (1 കൊരിന്ത്യർ 15:33).

### 4. പാപം തുടരുന്ന വഞ്ചന

പാപത്തിൽ രസിക്കുന്നവരുണ്ട്. അവർക്കു പാപം ഒരു കളി പോലെയാണ്. തങ്ങളുടെ ജീവിതം കൊണ്ടാണ് അവർ പന്താടുന്നത്. പലരും പാപത്തെ ഗൗരവമായി കാണുന്നില്ല. ചിലർ പറയുന്നതു അതു തലമുറയുടെ വിടവാണ്, അല്ലെങ്കിൽ ജീവിത ശൈലിയിൽ വന്ന മാറ്റമാണ് എന്നെല്ലാം പറഞ്ഞുകേൾക്കുന്നുണ്ട്. അതെല്ലാം പാപത്തിൽ നിന്നു പിന്തിരിയാതിരിക്കാൻ അവർ കണ്ടെത്തുന്ന ന്യായവാദങ്ങൾ മാത്രമാണ്. പാപബോധം അവരിൽ ഇല്ലാത്തതു പോലെയാണ് അവർ ജീവിക്കുന്നത്. ആകയാൽ കൃപ പെറുകേണ്ട

തിനു പാപം ചെയ്തു കൊണ്ടിരിക്ക എന്നോ? ഒരുനാളും അരുത് എന്നു മറുപടിയും നല്കുന്നു. ദൈവം കൃപയുള്ളവനാണ്. പക്ഷെ അതിനർത്ഥം നാം അതിനെ ചൂഷണം ചെയ്യണമെന്നല്ല. പാപത്തിന്റെ ശമ്പളം മരണം ആണ് എന്ന ചിന്ത അവരിൽ ഇല്ല (റോമർ 6:23). പാപത്തിന്റെ പരീക്ഷണത്തെ നേരിടുവാൻ അവർക്കു കഴിയുന്നില്ല. പരീക്ഷണങ്ങൾ എല്ലാവർക്കും ഉണ്ടാകും. പക്ഷെ പാപം ഒന്നിൽ നിന്നു മറ്റൊന്നിലേക്കു തുടർന്നുകൊണ്ടിരിക്കുന്നതു മാരകമായ ആത്മികരോഗമാണ്.

പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു. താൻ ആരെയും പരീക്ഷിക്കുന്നതുമില്ല. ഓരോരുത്തർ പരീക്ഷിക്കപ്പെടുന്നതു സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പെറുന്നു. എന്റെ പ്രിയ സഹോദരന്മാരെ വഞ്ചിക്കപ്പെടരുത്" (യാക്കോബ് 1:13-16). അനേകരെ ഇന്നു പാപം കീഴ്പ്പെടുത്തി ഇഞ്ചിഞ്ചായി നശിപ്പിച്ചുകൊണ്ടിരിക്കയാണ്. അവരുടെ നാശം പാപം കൊണ്ടാണെന്നു അവർ തിരിച്ചറിയുന്നില്ല.

### പാപത്തിന്റെ വാഗ്ദാനത്താലുള്ള വഞ്ചന

പാപം നമ്മെ ധരിപ്പിക്കുന്നതു ജഡത്തിന്റെ പ്രവൃത്തി ചെയ്തു ആത്മാവിനെ പ്രസാദിപ്പിക്കാമെന്നാണ്. അതൊരിക്കലും സാധ്യമല്ല. കാരണം ജഡത്തിന്റെ ചിന്ത മരണവും ആത്മാവിന്റെ ചിന്ത ജീവനും ആകുന്നു. ജഡം ഐഹികമായി ചിന്തിക്കുന്നു, എന്നാൽ ആത്മാവോ സ്വർഗ്ഗിയമായവ ചിന്തിക്കുന്നു. ജഡിക പ്രവൃത്തിയാൽ ആത്മാവിനെ തൃപ്തിപ്പെടുത്താമെന്നു വിചാരിക്കുന്നവർ പരാജയപ്പെടുന്നു. "ദൈവത്തെ പരിഹസിച്ചുകൂടാ, മനുഷ്യൻ വിതെക്കുന്നതുതന്നെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ, ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും" (ഗലാത്യർ 6:7, 8). സാത്താന്റെ വഞ്ചനയിൽ കുടുങ്ങാതെ കർത്താവിനുവേണ്ടി ജീവിച്ചാൽ പ്രതിഫലം വലുതാണെന്ന് പൗലൊസ് കൊരിന്ത്യരോടു പറഞ്ഞു (1 കൊരിന്ത്യർ 6:9-11). പാപം സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തു അടിമത്വത്തിലാഴ്ത്തുന്നു. അതു സന്തോഷത്തെ വാഗ്ദാനം ചെയ്തു ദുഃഖത്തിലാഴ്

ത്തുന്നു. അതു സ്വർഗ്ഗം വാഗ്ദാനം ചെയ്തു നരകത്തിലേക്കു നയിക്കുകയാണ് ചെയ്യുന്നത്.

### 4. പാപത്തിന്റെ ശക്തിയാൽ വഞ്ചിക്കുന്നു

പാപം മനസ്സാക്ഷിയെ ചൂടു പിടിപ്പിക്കുകയാണ് (1 തിമൊഥെയൊസ് 4:2). പാപത്തിന്റെ ശക്തി എന്തെന്നാൽ അടിമത്വത്തിലാക്കുന്നതാണ് (2 പത്രൊസ് 2:9). പാപത്തെ ജയിക്കുവാൻ കർത്താവു മുഖേന മാത്രമെ സാധിക്കയുള്ളൂ. ദൈവവചനത്താലും, പ്രാർത്ഥനയാലും, ദൈവത്തിൽ സമർപ്പിക്കപ്പെട്ട ജീവിതത്താലും നമുക്കു സാത്താനെയും പാപത്തെയും തോല്പിക്കാം (വെളിപ്പാട് 12:1).

പാപത്താൽ ഒരിക്കലും വഞ്ചിതരാകാതെ സൂക്ഷിപ്പിൻ. അതിനു നിങ്ങളുടെ ഹൃദയത്തെ ദൈവത്തിനായി ഏല്പിച്ചുകൊടുക്കണം. ദൈവഹിതം മുഴുവനും ജീവിതത്തിൽ വിശ്വസ്തതയോടെ അനുസരിക്കുക. അങ്ങനെ നിത്യമായും സ്വർഗ്ഗത്തിൽ വസിക്കുവാൻ സാധിക്കും.

# മഹത്തായ ആജ്ഞയിലെ "സകലവും"

## ക്ലെം തർമൻ

"യേശു അടുത്തുചെന്നു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു" (മത്തായി 28:18-20). രണ്ടു മാസമായി അപ്പൊസ്തലന്മാർ വിഷമത്തിലായിരുന്നു. യെരൂശലേമിൽ താൻ യെഹൂദന്മാരാൽ കൊല്ലപ്പെടും എന്നു യേശു അവരോടു പറഞ്ഞിരുന്നു (മത്തായി

20:18). അവർക്കതു ഗ്രഹിപ്പാൻ കഴിഞ്ഞില്ല. മനസ്സിലാക്കുവാൻ പ്രയാസമായിരുന്നു. പക്ഷെ അതു അങ്ങനെ സംഭവിച്ചതു അവർ കണ്ടു. താൻ മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കും എന്നും അവൻ പറഞ്ഞിരുന്നു (മത്തായി 20:19). അതും അവർക്കു മനസ്സിലായില്ല. എന്നാൽ അതും സംഭവിച്ചു, അവർ അതിനു സാക്ഷികളുമായി. ഇപ്പോൾ, അവസാനമായി അവരെ ചേർത്തുനിർത്തി, താൻ അവരെ വിട്ടുപിരിഞ്ഞു സ്വർഗ്ഗത്തിലേക്കു, പിതാവിന്റെ അടുക്കലേക്കു പോകുന്നു എന്നവൻ പറഞ്ഞു (യോഹന്നാൻ 14:1-6). ആ "മഹത്തായ ആജ്ഞ" അപ്പൊസ്തലന്മാരിൽ എന്തു സ്വാധീനമാണ് ചെലുത്തിയതു എന്നു നിങ്ങൾക്കു ഊഹിക്കാമോ?

യേശു അവരെ വിട്ടുപോകുന്നതിനുമുൻപു അപ്പൊസ്തലന്മാരോടു പറഞ്ഞതു താൻ അവരെ വീണ്ടും വഴി നടത്തും എന്നാണ്. അവൻ അവർക്കു വാഗ്ദാനം ചെയ്തു, 'എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 14:26). വീണ്ടും അവൻ പറഞ്ഞു, "സത്യത്തിന്റെ ആത്മാവു വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും"(യോഹന്നാൻ 16:13). അവൻ അവരുടെ വഴികാട്ടി ആയതുകൊണ്ടു ഇപ്രകാരം പറഞ്ഞു, "നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എന്റെ വാക്ക് കേൾക്കുന്നു; നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു. എന്നെ തള്ളുന്നവൻ എന്നെ അയച്ചവനെ തള്ളുന്നു" (ലൂക്കൊസ് 10:16). പരിശുദ്ധാത്മാവു അവരുടെ മേൽ വന്നപ്പോൾ അവർ ദൈവത്തിന്റെ വചനം സംസാരിച്ചു (പിന്നീടു എഴുതുകയും ചെയ്തു. പ്രവൃത്തികൾ 2:1-4; 1 തെസലൊനിക്യർ 2:13).

### സകല അധികാരവും യേശുവിന്നു നല്കിയിരിക്കുന്നു

ദൈവപുത്രന്നു നല്കിയിരിക്കുന്ന അധികാരമാണ് മഹത്തായ ആജ്ഞയിൽ ആദ്യത്തെ "സകലവും" എന്നത്. യേശു പറഞ്ഞു,

"സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു." യേശു ഭൂമിയിൽ വരുന്നതിനുമുൻപു ദൈവം വിവിധ രീതികളിലായിരുന്നു ജനത്തോടു സംസാരിച്ചിരുന്നത് (എബ്രായർ 1:1). ഇപ്പോൾ അതിനു മാറ്റമുണ്ടായി. ഈ .അന്ത്യകാലത്തു ദൈവം തന്റെ പുത്രൻ മുഖാന്തരം സംസാരിക്കുന്നു (എബ്രായർ 1:2). മത്തായി 17:1-5 വരെയുള്ള വേദഭാഗത്തു ശ്രദ്ധേയമായ ഒരു സത്യം വെളിപ്പെടുത്തിയിരിക്കുന്നു. യേശു പത്രൊസിനേയും, യാക്കൊബിനേയും യോഹന്നാനെയും കൂട്ടി ഉയർന്ന ഒരു മലയിലേക്കു കൊണ്ടുപോയി. ആ അപ്പൊസ്തലന്മാർ യേശുവിനു സംഭവിച്ചതു കാണുകയുണ്ടായി. അവൻ അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപോലെ ശോഭിച്ചു അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായിത്തീർന്നു. മോശെയും ഏലിയാവും അവരോടു സംഭാഷിക്കുന്നത് അവർ കണ്ടു. അപ്പോൾ പത്രൊസ് യേശുവിനോടു കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നന്നു. നിനക്കു സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കാം. ഒന്നു നിനക്കും ഒന്നു മോശെക്കും, ഒന്ന് ഏലിയാവിനും എന്നു പറഞ്ഞു. അവൻ പറയുമ്പോൾ തന്നെ പ്രകാശമുള്ളോരു മേഘം അവരുടെ മേൽ നിഴലിട്ടു. മേഘത്തിൽ നിന്നു, ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു. ഇവന്നു ചെവി കൊടുപ്പിൻ എന്നു ഒരു ശബ്ദവും ഉണ്ടായി."

യേശു പറഞ്ഞു, "ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നിരിക്കുന്നതു" (യോഹന്നാൻ 6:38). അതിനു മുൻപു അവൻ പറഞ്ഞു, "എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിനു പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രന്നു കൊടുത്തിരിക്കുന്നു" (യോഹന്നാൻ 5:22, 23). പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല. രോഗികളെ സൗഖ്യമാക്കിയും ഭൂതങ്ങളെ പുറത്താക്കിയും അവൻ തന്റെ ശക്തി തെളിയിക്കയുണ്ടായി. അവൻ കുരുടർക്കു കാഴ്ച്ചയും ബധിരർക്ക് കേൾവിയും പ്രദാനം ചെയ്തു. കുഷ്ഠരോഗികളെ യേശു സൗഖ്യമാക്കി. മരിച്ചവരെയും ഉയിർപ്പിച്ചു തന്റെ ദൈവിക ശക്തിയും ഉറവിടവും തെളിയിച്ചു. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു, "ഈ

പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു" (യോഹന്നാൻ 20:30, 31).

### സകല ആളുകളും സുവിശേഷം കേൾക്കണം

യേശു അപ്പൊസ്തലന്മാരോടു പറഞ്ഞതു ശ്രദ്ധിക്കുക, "സകല ജാതികളെയും ശിഷ്യരാക്കികൊൾക. ഇനി അവർ യിസ്രായേലിലെ കാണാതെപോയ ആടുകളിലേക്കു മാത്രമല്ല പോകേണ്ടത്" (മത്തായി 10:5, 6). ഇപ്പോൾ അവരുടെ ആജ്ഞയിൽ "സകല ജാതികളും" ഉൾപ്പെടുന്നു. മറ്റൊരു ദൈവശ്വാസിയ എഴുത്തുകാരൻ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു, "പിന്നെ അവൻ അവരോടു നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കൊസ് 16:15, 16). സകലജാതികളും, സകല സൃഷ്ടിയും ആയിരുന്നു അവരുടെ ദൗത്യം. അതിപ്പോഴും അങ്ങനെ തന്നെയാണ്. തന്റെ മരണ കാരണം യേശു അപ്പൊസ്തലന്മാരെ ബോധ്യമാക്കി. "ക്രിസ്തു കഷ്ടം അനുഭവിക്കയും, മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു" (ലൂക്കൊസ് 24:46, 47).

സകല ജാതികളും സുവിശേഷം കേൾക്കണം എന്നു പറയുവാനുള്ള കാരണം ലളിതമാണ്. എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി (റോമർ 3:23). പാപത്തിന്റെ ശമ്പളം മരണമാണ് (റോമർ 6:23). രക്ഷാസന്ദേശം ആകുന്ന സുവിശേഷം ആയിരുന്നു അപ്പൊസ്തലന്മാർ പ്രസംഗിക്കേണ്ടിയിരുന്നത്. യേശു തന്റെ ക്രൂശിലെ മരണത്താൽ ചിന്തിയ രക്തമാണ് പാപങ്ങളിൽ നിന്നുള്ള മോചനത്തിനായി ദൈവം വെച്ചിരിക്കുന്നത് (കൊലൊസ്യർ 1:18-21). അപ്പൊസ്തലനായ പൗലൊസ് പിന്നീട് എഴുതി, "സുവിശേഷത്തെകുറിച്ചു എനിക്കു ലജ്ജയില്ല, അതു വിശ്വസിക്കുന്ന ഏവന്നും

രക്ഷക്കുള്ള ദൈവ ശക്തിയാകുന്നു" (റോമർ 1:16). "ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും നീക്കി കളഞ്ഞു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ" (യാക്കൊബ് 1:21). എല്ലാവരും നഷ്ടപ്പെട്ടവരായതുകൊണ്ടാണ് എല്ലാവരും സുവിശേഷം കേൾക്കേണ്ടത് (1 യോഹന്നാൻ 1:8, 10). ക്രിസ്തു മാത്രമാണ് രക്ഷക്കുള്ള ഏക മാർഗ്ഗം. അവന്റെ സുവിശേഷം മാത്രമാണ് രക്ഷക്കായിട്ടുള്ളത്.

### സകലമനുഷ്യരും വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും വേണം

യേശുവിന്റെ മഹത്തായ ആജ്ഞയിൽ ശിഷ്യരാകുന്നതിൽ സ്നാനം കഴിപ്പിക്കുന്നതും ഉൾപ്പെടുന്നു (മത്തായി 28:19). അതു കൊണ്ടാണ് ആളുകൾ വിശ്വസിക്കേണ്ടതിനു എല്ലാവരോടും ക്രിസ്തുവിന്റെ വചനം പ്രസംഗിക്കുന്നത് (റോമർ 10:17). കർത്താവു പറഞ്ഞതു "വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" എന്നാണ്. യേശു പറഞ്ഞതുപോലെ തന്നെ അപ്പൊസ്തലന്മാർ ചെയ്തു. ആദ്യം സുവിശേഷം പ്രസംഗിച്ചത് പത്രൊസ് ആയിരുന്നു. അവന്റെ പ്രസംഗം കേട്ട സദസ്യർ ഹൃദയത്തിൽ കുത്തുകൊണ്ടു "ഞങ്ങൾ എന്തു ചെയ്യേണ്ടു" എന്നു ചോദിച്ചു. പത്രൊസ് അവരോടു "നിങ്ങൾ മാനസാന്തരപ്പെട്ടു ഓരോരുത്തൻ നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:37, 38). ആളുകൾ ഈ പ്രസംഗം കേട്ടു വിശ്വസിക്കുകയും സ്ത്രീകളും പുരുഷന്മാരും സ്നാനം ഏല്ക്കുകയും ചെയ്തു (പ്രവൃത്തികൾ 8:2). ശൗലിനോടു നിർദ്ദേശങ്ങൾക്കായി ദമസ്ക്കൊസിൽ കാത്തിരിക്കുവാൻ പറഞ്ഞു. അങ്ങനെ അനന്യാസ് അവനോടു രക്ഷാസന്ദേശം അറിയിച്ചു. തുടർന്നു ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകി കളക എന്നു പറഞ്ഞു (പ്രവൃത്തികൾ 22:16). 2008 വർഷങ്ങൾക്കു മുൻപു ആളുകൾ പോയി സുവിശേഷം അറിയിച്ചു. വിശ്വസിച്ചവർ മാനസാന്തരപ്പെട്ടു സ്നാനം ഏറ്റു. കാരണം എന്താണ്? കർത്താവു കല്പിച്ചിരുന്നു.

കർത്താവു കല്പിച്ച സ്നാനത്തിന്റെ ഉദ്ദേശം പലരും ശരിയായി മനസ്സിലാക്കുന്നില്ല. ദൈവത്തിന്റെ രക്ഷാ പദ്ധതിയിൽ ആളുകൾക്കു വിശ്വാസം ഉണ്ടാകണം. കർത്താവു പറഞ്ഞു, "വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും." പത്രൊസ് പറഞ്ഞു, "സ്നാനമോ നമ്മെ രക്ഷിക്കുന്നു." തീർച്ചയായും യേശുവിന്റെ പുനരുത്ഥാനത്താലാണ് രക്ഷിക്കുന്നത്. പക്ഷെ അതു രക്ഷയുടെ ഭാഗമായി വെച്ചിരിക്കയാണ്. ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളാകുവാൻ ആണ് സ്നാനം എന്ന കല്പന. അതു മാറ്റുവാൻ മനുഷ്യർക്ക് അവകാശമില്ല. ക്രിസ്തു അപ്പൊസ്തലന്മാരെ പഠിപ്പിക്കയും അപ്പൊസ്തലന്മാർ നമ്മെ പഠിപ്പിക്കയും ചെയ്തിരിക്കുന്ന ഉപദേശരൂപമാണ് നാം അനുസരിക്കേണ്ടത്. വിശ്വാസത്താൽ നാം ദൈവമക്കൾ ആകുന്നു, ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നാം അവനെ ധരിച്ചിരിക്കുന്നു (ഗലാത്യർ 3:26, 27). നിങ്ങൾ ദൈവമകനായി, മകളായി തീരുക എന്നതു പ്രാധാന്യമുള്ള കാര്യമല്ലേ? സ്നാനമേല്ക്കുന്നതിന്റെ ഫലമായി പുതിയ സൃഷ്ടിയാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ മറ്റൊരു മാർഗ്ഗവുമില്ല. വചനപ്രകാരമുള്ള സ്നാനം മാത്രമാണ്.

## എല്ലാം പ്രമാണിക്കേണം

ആളുകൾ സുവിശേഷം കേൾക്കുകയും, വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്തശേഷം അവർ യേശുവിന്റെ കല്പനകൾ എല്ലാം അനുസരിക്കണം. ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം (യോഹന്നാൻ 4:24). ദൈവം സൃഷ്ടിച്ച ആദ്യ മനുഷ്യനായ ആദാം മുതൽ ഭൂമിയിൽ വസിക്കുന്ന സകലമനുഷ്യരും ദൈവത്തെ അന്വേഷിക്കയും ആരാധിക്കയും വേണം എന്നു ദൈവം കല്പിച്ചിരിക്കുന്നു (പ്രവൃത്തികൾ 17:26, 27). ആരാധനയിൽ പാട്ടു പാടുന്നതും പ്രാർത്ഥിക്കുന്നതും കർത്തൃമേശ ആചരിക്കുന്നതും തിരുവെഴുത്തു വായിക്കുന്നതും പ്രസംഗിക്കുന്നതും ധർമ്മശേഖരം നടത്തുന്നതും ഉൾപ്പെടുന്നു (എഫെസ്യർ 5:19; 1 തെസലൊനിക്യർ 5:17; പ്രവൃത്തികൾ 20:7; 1 കൊരിന്ത്യർ 16:2; 1 കൊരിന്ത്യർ 11:23–25).

പെന്തെക്കൊസ്തു നാളിൽ മൂവായിരം പേർ സ്നാനം ഏറ്റ ശേഷം (പ്രവൃത്തികൾ 2:41) അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും

പോന്നു (പ്രവൃത്തികൾ 2:42). അവരുടെ ജീവിതം മാറി. "പണ്ടു നിങ്ങളുടെ അജ്ഞാനകാലത്തു ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ" (1 പത്രൊസ് 1:14, 15). "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവ കൃപ ഉദിച്ചുവല്ലോ. നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജ സ്സിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തുകൊണ്ടു ഭക്തി കേട്ടും പ്രപഞ്ച മോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചു പോരേണ്ടതിനു അതു നമ്മെ ലാളിച്ചു വളർത്തുന്നു" (തിത്തൊസ് 2:11-15). യേശു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ നമുക്കു നമ്മുടെ ജീവിതത്തെ മാറ്റേണ്ടിയിരിക്കുന്നു. അതിനർത്ഥം നാം ക്രിസ്തുവിൽ പുതിയ സൃഷ്ടികളായി തീരുന്നു. പഴയ മനുഷ്യനെ നാം ക്രിസ്തുവിനോടു കൂടെ ക്രൂശിക്കുന്നു. "അന്യോന്യം ഭോഷ്ക് പറയരുത്, നിങ്ങളുടെ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടു കൂടി ഉരിഞ്ഞു കളഞ്ഞു; തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാന ത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കു ന്നുവല്ലോ" (കൊരിന്ത്യർ 3:9, 10).

## യേശു എല്ലാ നാളും നമ്മോടൊപ്പം ഉണ്ടാകും

"ഞാനോ ലോകാവസാനത്തോളം നിങ്ങളോടു കൂടെ ഉണ്ട്" എന്നാണ് കർത്താവു വാഗ്ദാനം ചെയ്തതു. പൗലൊസിനു കുഴപ്പം നേരിട്ടപ്പോൾ അവനു പ്രോത്സാഹനം ആവശ്യമായിരുന്നു. കർത്താവു അവനോടു പറഞ്ഞു, "നീ ഭയപ്പെടാതെ പ്രസംഗിക്ക, മിണ്ടാതിരിക്കരുത്; ഞാൻ നിന്നോടുകൂടെ ഉണ്ട്: ആരും നിന്നെ കയ്യേറ്റം ചെയ്തു ദോഷപ്പെടുത്തുകയില്ല" (പ്രവൃത്തികൾ 18:9, 10). മറ്റെല്ലാവരും പൗലൊസിനെ വിട്ടുപോയപ്പോൾ കർത്താവു അവനു തുണയായി നിന്നു (2 തിമൊഥെയൊസ് 4:16, 17). "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയായവൻ എന്നു പൗലൊസ് പിന്നീട് പറഞ്ഞു (ഫിലിപ്പിയർ 4:13).

✱

# വിശ്വാസം ഒന്ന്

## ചാൾസ് ഈ. കോമ്പ്

വിശ്വാസം എന്ന വാക്ക് മിക്കവാറും എല്ലാവർക്കും സുപരിചിതമാണ്. ലോകത്തിലുള്ള ആളുകളെ വിശ്വാസമുള്ളവരും വിശ്വാസമില്ലാത്തവരും എന്നിങ്ങനെ രണ്ടായി തരം തിരിക്കാം. വിശ്വാസത്തിന്റെ നിർവ്വചനം എബ്രായ ലേഖനം പതിനൊന്നാം അദ്ധ്യായത്തിൽ ഉണ്ട്. ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആണ്. മനസ്സിൽ ഉണ്ടാകുന്ന തോന്നലല്ല വിശ്വാസം. ചിലർക്കു പള്ളി കാണുമ്പോഴോ ക്ഷേത്രം കാണുമ്പോഴോ ദൈവത്തെ ഓർമ്മ വരും. അതും വിശ്വാസമല്ല. വിശ്വാസം നമ്മുടെ ഹൃദയത്തിൽ നിന്നാണ് ഉത്ഭവിക്കേണ്ടത്. തിരുവചനത്തിൽ വിശ്വാസം ഒന്ന് എന്നു പറഞ്ഞിരിക്കുന്നു (എഫെസ്യർ 4:5). അതെന്താണെന്നു നമുക്കു നോക്കാം. ദൈവത്തിന്റെ അരുളപ്പാടിൽ പറഞ്ഞിരിക്കുന്നതാണ് നാം നോക്കേണ്ടത്.

ലോകം ഇന്നു മതത്തെ സംബന്ധിച്ചു ഭയങ്കര തെറ്റിദ്ധാരണയിലാണ്. ആളുകളുടെ കാഴ്ച്ചപ്പാടുകളും ആശയങ്ങളും വിഭിന്നമാണ്. ഇതു സത്യമാണെന്നറിയുവാൻ വലിയ പരിജ്ഞാനം ഒന്നും ആവശ്യമില്ല. ഇത്തരം വിവിധ തിരഞ്ഞെടുപ്പു ഇഷ്ടപ്പെടുന്ന ആളുകളുണ്ട്. വേറെ ചിലർ എല്ലാറ്റിലും നല്ലവശം കാണുന്നവരുണ്ട്. അതുകൊണ്ട് ഏതെങ്കിലും ഒന്നിൽ തന്നെ ആയാൽ മതി എന്നു വിചാരിക്കും. വാദിക്കുവാനോ തർക്കിക്കുവാനോ പോകാതെ നിഷ്പ്പക്ഷമായി കഴിയുന്നവരുമുണ്ട്. തങ്ങൾക്കു ഏറ്റവും ഇഷ്ടപ്പെട്ടതു ജനിച്ചു വളർന്ന വിശ്വാസം ആണ്. അതുകൊണ്ട് അതിൽ നിലനിന്നു പോകുന്നവരുണ്ട്. അതായതു തെറ്റോ ശരിയോ എന്നതു പ്രശ്നമല്ല, സ്വന്തം ഇഷ്ടത്തെ മാനിച്ചു തങ്ങളുടെ വിശ്വാസം കൊണ്ടുപോകുന്നു.

മനുഷ്യരെ പ്രസാദിപ്പിക്കുന്നത് എന്ത് എന്നല്ല ചോദ്യം - പിന്നെയോ ദൈവത്തെ പ്രസാദിപ്പിക്കുന്നത് എന്ത് എന്നാണ്. വിശ്വാസം കൂടാതെ നമുക്ക് ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല (എബ്രായർ 11:6).

✶

# വാർത്തകൾ

## ശ്രീശാന്തിനെതിരായ പരസ്യപ്രസ്താവനയുടെ പേരിൽ അംപയറും ഔട്ട്

പേസ് ബോളർ ശ്രീശാന്തിനെതിരെ പരസ്യപ്രസ്താവന നടത്തിയ അംപയർ അമിഷ് സഹേബയെ ഇന്ത്യൻ പ്രീമിയർ ലീഗിലെ രണ്ടു മൽസരങ്ങളിൽ നിന്നു സസ്പെൻഡ് ചെയ്തു. മൊഹാലി ടീമംഗമായ ശ്രീശാന്ത് മൽസരത്തിനിടെ പലതവണ മുംബൈ ടീമംഗങ്ങളെ പ്രകോപിപ്പിച്ചുവെന്നു മുംബൈയിലെ പത്രത്തിനു നൽകിയ അഭിമുഖത്തിൽ സഹേബ വെളിപ്പെടുത്തിയിരുന്നു. രണ്ടുതവണ താനും സീനിയർ അംപയർ അലിംദാറും ശ്രീശാന്തിനെ താക്കീതു ചെയ്തുവെന്നും സഹേബ് പറഞ്ഞു.

★

## ആനകളെ പീഡിപ്പിച്ചാൽ കർശന നടപടി: മന്ത്രി ബിനോയ് വിശ്വം

നാട്ടാനകളെ പീഡിപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നു വനം മന്ത്രി ബിനോയ് വിശ്വം. ആനക്കലിയിൽ മരണങ്ങൾ പതിവായ സാഹചര്യത്തിലാ ണിത്. ഉത്സവപ്പറമ്പുകൾ പണക്കൊഴുപ്പിന്റെ മേളയാകുന്ന താണു ദുരന്തങ്ങൾ വർധിക്കാൻ കാരണം. സ്പോൺസർ മാരുടെ ബലത്തിൽ ഉത്സവപ്പറമ്പുകളിൽ ആനകളെ എഴുന്നള്ളിക്കാൻ മൽസരിക്കുന്നവർ അവയുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നില്ല. കഠിനമായ ചൂടിൽ വെള്ളവും ഭക്ഷണവും നൽകാതെ പീഡിപ്പിക്കുക കൂടി ചെയ്യുമ്പോഴാണ് ആനകൾ ഇടയുന്നത്.

★

## മജീദ് യാത്രയായി, ഇതു നിങ്ങളിലെത്തും മുൻപേ

ഈ കുറിപ്പ് മജീദിനെക്കുറിച്ചാണ്. പക്ഷെ, മരണം കൊണ്ടു തിരുത്തിയെഴുതിച്ച ഈ വരികൾ വായിക്കാൻ മജീദ് ഇല്ല.

ഇതിനൊപ്പം കൊടുക്കാനുള്ള ചിത്രമെടുക്കുന്നതിനായി ഇന്നലെ രാവിലെ വിളിച്ചപ്പോൾ മജീദ് പറഞ്ഞു, മരണത്തെയും രോഗത്തെയും പേടിയില്ലെന്നും ബേജാറാവേണ്ടെന്നും.

*

## കോഴിയെ വളർത്തില്ല; മൂന്നുനേരം ഫ്രൈ വേണം: മന്ത്രി ദിവാകരൻ

കേരളീയർക്കു കോഴിയെ വളർത്താൻ കഴിയില്ല. പക്ഷേ മൂന്നു നേരവും ചിക്കൻ ഫ്രൈ വേണം. ഓംലറ്റ് സിംഗിൾ പോരാ, ഡബിൾ വേണം. പശുവിനെ വളർത്താനോ തൊഴുത്തു വൃത്തിയാക്കാനോ പറ്റില്ല, എങ്കിലും രാവിലെ പാലു തന്നെ കിട്ടണം': മന്ത്രി സി. ദിവാകരൻ പറഞ്ഞു.

മീഡിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, വിലക്കയറ്റത്തെപ്പറ്റി നടത്തിയ സെമിനാറിൽ പ്രസംഗിക്കുമ്പോഴാണ് മന്ത്രി മലയാളിയുടെ ഭക്ഷണശീലത്തെ വിമർശിച്ചത്.

*

## വെള്ളക്കെട്ട്: യോഗത്തിൽ നിർദേശങ്ങളുടെ കൂമ്പാരം

പലയിടങ്ങളിലായി ടാങ്കുകൾ സ്ഥാപിച്ചു മോട്ടോർ ഉപയോഗിച്ചു വെള്ളം പമ്പ് ചെയ്തു മാറ്റണം. പുത്തരിക്കണ്ടവും മാഞ്ഞാലിക്കുളവും കുളങ്ങളാക്കി മാറ്റണം. ഇതൊന്നും വേണ്ട, ഓടകൾ കൃത്യമായി വൃത്തിയാക്കിയാൽ മാത്രം മതി. കയ്യേറ്റങ്ങൾ ആദ്യം ഒഴിപ്പിക്കണം. ഉയർന്ന പ്രദേശങ്ങളിൽ മഴവെള്ളം സംരക്ഷിച്ചു നിർത്തണം...

*

## രാസവസ്തു കലർന്ന പാൽ:
## അന്വേഷണം വേണമെന്ന് സഭാസമിതി

രാസവസ്തുക്കൾ കലർന്ന പാൽ കേരളത്തിലേക്കു കടത്തുന്നുവെന്നു വ്യക്തമായി. ഇതേക്കുറിച്ച് അന്വേഷിക്കാൻ നിയമസഭാ സമിതി സർക്കാരിനു ശുപാർശ നൽകി.

കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച ഒന്നാം നമ്പർ സബ്ജക്ട് കമ്മിറ്റി യോഗത്തിലാണു ദുരന്തസൂചനയേകുന്ന പാൽകടത്തിനെ കുറിച്ചുള്ള വസ്തുതകൾ വെളിപ്പെട്ടത്. ക്ഷീര വികസന വകുപ്പു തന്നെ നൽകിയ റിപ്പോർട്ടിലായിരുന്നു ഇതു പ്രതിപാദിക്കപ്പെട്ടത്. 'രാസവസ്തു കലർന്ന അഞ്ചു ലോഡ് പാൽ മടക്കി അയച്ചു' എന്ന നിലയിൽ വകുപ്പിന്റെ നേട്ടമായാണ് ഇതു റിപ്പോർട്ടിൽ അവതരിപ്പിക്കപ്പെട്ടത്.

★

## ഒൻപതാം ക്ലാസ് വരെ
## രണ്ടു പരീക്ഷ മാത്രം

അടുത്ത അധ്യയനവർഷം മുതൽ ഒൻപതു വരെ ക്ലാസുകളിൽ അർധവാർഷിക പരീക്ഷയും വാർഷിക പരീക്ഷയും മാത്രമേ ഉണ്ടാകൂ. സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചു പരമാവധി പ്രൊട്ടക്ടഡ് അധ്യാപകരെ ഈ സ്കൂളുകളിൽ നിയോഗിക്കും. എന്നിട്ടും ശേഷിക്കുന്നവരെ പുനർവിന്യസിക്കുന്നതിനു മുൻപായി അധ്യാപകസംഘടനകളുമായി വീണ്ടും ചർച്ച നടത്തുമെന്നു മന്ത്രി എം.എ. ബേബി അറിയിച്ചു.

★

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>Speaker: P.K. Varghese, **Church of christ**<br>Thampuranmukku, Trivandrum-35<br>Sathyanadam TV Program on every Saturday at 6 a.m. in Jaihind TV. |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405<br>Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 May**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2008

*Join us to worship God in Spirit and Truth*
*The*

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378